<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 649</u> <u>06-12-2022 - ൽ മറുപടിയ്ക്ക്</u>

<u>കാസർകോട് ബീച്ച് റോഡിൽ പുതിയ വ്യവസായ സംരംഭം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ബീച്ച് റോഡിൽ കെ.എസ്.ഐ.ഡി.സിക്ക് എത്ര ഏക്കർ സ്ഥലം സ്വന്തമായുണ്ടെന്ന് അറിയിക്കാമോ; | (എ) | 1.99 ഏക്കർ ഭൂമി |
| (ബി) | പ്രസ്തുത സ്ഥലത്ത് പുതിയ വ്യവസായ സംരംഭം തുടങ്ങാൻ ഉദ്ദേശമുണ്ടോയെന്നും ഏത് തരത്തിലുള്ള സംരംഭമാണ് ആരംഭിക്കുകയെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത സ്ഥലത്ത് ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു മാതൃക വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. നടത്തിവരികയാണ്. ഭക്ഷ്യ കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവും പാക്കിംഗും മറ്റു വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനു അനുയോജ്യമായിട്ടാണ് കെട്ടിടം രൂപകൽപന ചെയ്യുന്നത്. |
| (സി) | പ്രസ്തുത വ്യവസായ സംരംഭത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. മാതൃക വ്യവസായ സമുച്ചയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റും പ്ലാനും തയ്യാറായി വരുന്നു. [അനുമതികൾ തുടർന്ന് ലഭ്യമാകുന്നതാണ്.] |
| (ഡി) | എത്രപേർക്ക് തൊഴിൽ ലഭിക്കുന്ന സംരംഭമാണിതെന്നും ആയത് എപ്പോൾ യാഥാർത്ഥ്യമാകുമെന്നും വ്യക്തമാക്കാമോ? | (ഡി) | മാതൃക വ്യവസായ സമുച്ചയ കെട്ടിടത്തിൽ ആരംഭിക്കുന്ന വ്യവസായങ്ങൾ വഴി 2025ഓടെ ഏകദേശം ആയിരം പേർക്ക് തൊഴിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ